**RIGHT TO DISSENT**
**വിസമ്മതങ്ങളുടെ കൂടിച്ചേരൽ**

# വിസമ്മതിക്കണമെങ്കിൽ ജീവൻതന്നെ നഷ്ടപ്പെടുത്തേണ്ട അവസ്ഥ വരുമോ?

പൗരന്റെ സ്വാതന്ത്ര്യവും ജീവിക്കാനുള്ള അവകാശവും നിഷേധിക്കപ്പെടുമ്പോൾ സമീപിക്കേണ്ട നിയമവ്യവസ്ഥ പോലും ഇന്ന് എന്തു സുരക്ഷയാണ് പ്രദാനം ചെയ്യുന്നത്? ദളിതരും സ്ത്രീകളും അവരുടെ അവകാശങ്ങളെക്കുറിച്ച് സംസാരിക്കുമ്പോൾ വ്യവസ്ഥ തന്നെ അവർക്കെതിരാവുന്നു.

**ദിവ്യ ഭാരതി**

റൈറ്റ് ടു ഡിസന്റ് എന്നതിന് തമിഴ്‌വാക്ക് എന്താണെന്ന് ഞാൻ ആലോചിക്കുകയായിരുന്നു. തമിഴിൽ അതിനൊരു വാക്കില്ല. തമിഴ്‌നാട്ടിൽ ഡിസന്റ് എന്ന വാക്ക് പ്രയോഗിച്ചിട്ടേയില്ല. പക്ഷേ ഉദയകുമാറും ഗോമതി അക്കായും ഞാനുമൊക്കെ അതിന്റെ ഇരകളാണ്. ഒരു സമൂഹം വിസമ്മതിക്കാൻ മറന്നുപോയതിന്റെ ഇരകൾ. വിസമ്മതിക്കുവാനുള്ള അവകാശം എന്നാൽ ജീവിക്കാനുള്ള അവകാശമാണ്. വിസമ്മതിക്കാനുള്ള അവകാശത്തെയും ജീവിക്കാനുള്ള അവകാശത്തെയും നാം ഒരുമിച്ചുചേർത്താണ് കാണേണ്ടത്. കേരളം എന്ന് കേൾക്കുമ്പോൾ മധുവിന്റെ മുഖമാണ് ഓർമ്മ വരുന്നത്. ജീവിക്കാനുള്ള അവകാശം നഷ്ടപ്പെട്ട ഒരു ചെറുപ്പക്കാരന്റെ നാട്ടിലിരുന്നാണ് നമ്മളിന്ന് വിസമ്മതിക്കാനുള്ള അവകാശത്തെ കുറിച്ച് സംസാരിക്കുന്നത്.

നവംബർ 13, ഓഖി ദുരന്തത്തിൽ എത്ര മലയാളി മത്സ്യതൊഴിലാളികൾ മരണപ്പെട്ടുവെന്ന ചോദ്യത്തിന് ആർക്കെങ്കിലും മറുപടി നൽകാൻ കഴിയുമോ? എത്ര പേർ മരിച്ചു, എത്രപേരെ കാണാതായി, എത്രപേരുടെ ശവശരീരം ലഭിച്ചു എന്നതു സംബന്ധിച്ച ഒരു വിവരവും പുരോഗമന സംസ്ഥാനമെന്നു പറയുന്ന കേരളത്തിൽ നിന്നുപോലും ലഭിക്കുന്നില്ല. ഏകദേശം 230 മലയാളി മത്സ്യത്തൊഴിലാളികൾ മരണപ്പെട്ടിരിക്കുന്നു. തമിഴ്‌നാട്ടിലും ഏതാണ്ട് ഇത്രതന്നെ പേർ മരണപ്പെട്ടിട്ടുണ്ട്. ആസ്സാം, ഒറീസ തുടങ്ങിയ ഇതര സംസ്ഥാനങ്ങളിൽ നിന്നും വന്ന് ഓഖി ദുരന്തത്തിനിരയായവരുടെ പേരോ ജന്മസ്ഥലമോ സംബന്ധിച്ച യാതൊരു വിവരവും നമ്മുടെ സർക്കാരുകളുടെ പക്കലില്ല. തീർച്ചയായും ജീവിക്കാനുള്ള അവകാശം നിഷേധിക്കപ്പെട്ടതിന്റെ സമീപകാല ഉദാഹരണങ്ങളെ മുൻനിർത്തിയാണ് വിസമ്മതിക്കാനുള്ള അവകാശത്തെക്കുറിച്ച് സംസാരിക്കേണ്ടത്.

ഇന്ത്യയിലെ ജാതി ശ്രേണികളെ ചോദ്യം ചെയ്യുന്ന ഡോക്യുമെന്ററിയാണ് കക്കൂസ്. തോട്ടിപ്പണി നിരോധിച്ചുകൊണ്ട് പാസ്സാക്കിയ Prohibition of Employment as Manual Scavengers and Their Rehabilitation Act, 2013 ന്റെ പരാജയങ്ങൾ തുറന്നു കാണിക്കുന്ന ഡോക്യുമെന്ററിയാണിത്. തോട്ടിപ്പണി ചെയ്യുന്നവരെ പുനരധിവസിപ്പിക്കുന്നതിനായി 1993 മുതൽ നടപ്പിലാക്കി വരുന്ന വിവിധ പദ്ധതികളുടെ പോരായ്മകളും അതിൽ വിശദീകരിക്കുന്നുണ്ട്. പ്രസ്തുത നിയമം ലംഘിക്കപ്പെട്ടതുമായി ബന്ധപ്പെട്ട്



ദിവ്യ ഭാരതി സംസാരിക്കുന്നു

സുപ്രീം കോടതിയിൽ നിലനിൽക്കുന്ന നിരവധി കേസുകളുടെയും ജഡ്ജ്മെന്റുകളുടെയും നീതിരഹിത സമീപനങ്ങളെ കുറിച്ചും 'കക്കൂസ്' ചർച്ച ചെയ്യുന്നു. ദേശീയ തലത്തിൽ കൊട്ടിഘോഷിക്കപ്പെടുന്ന 'സ്വച്ഛ്ഭാരത്' പദ്ധതിയും കാലങ്ങളായി തുടർന്നു വരുന്ന 'തോട്ടിപ്പണി'യും തമ്മിലെന്തു ബന്ധമാണുള്ളതെന്നാണ് ഡോക്യുമെന്ററി ആത്യന്തികമായി ചോദിക്കുന്നത്. ഈ ചോദ്യം ചോദിച്ചതുകൊണ്ടാണ് 'കക്കൂസി'നെതിരെ ഇത്രയധികം ആക്രമണങ്ങളുണ്ടായത്. സൈബർ തീവ്രവാദിയായി മുദ്രകുത്തപ്പെട്ട് ഇൻഫർമേഷൻ ടെക്നോളജി ആക്ടിനു കീഴിൽ കേസെടുത്തിരിക്കുന്നു. വധഭീഷണിയും അപവാദപ്രചരണങ്ങളും കള്ളക്കേസുകളും ചുമത്തപ്പെട്ടുകൊണ്ടേയിരിക്കുന്നു. കേരളത്തിൽ 'മാൻഹോൾ' പോലൊരു സിനിമയ്ക്ക് അവാർഡുകൾ നൽകുന്നു, തമിഴ്നാട്ടിലാകട്ടെ നിരോധനവും കള്ളക്കേസുകളും. വിസമ്മതം രേഖപ്പെടുത്തുന്നതിന് സർക്കാർ നൽകുന്ന പ്രതിഫലമാണിത്. പൗരന്റെ സ്വാതന്ത്ര്യവും ജീവിക്കാനുള്ള അവകാശവും നിഷേധിക്കപ്പെടുമ്പോൾ സമീപിക്കേണ്ട നിയമവ്യവസ്ഥ പോലും ഇന്ന് എന്തു സുരക്ഷയാണ് പ്രദാ നം ചെയ്യുന്നത്? ദളിതർ, സ്ത്രീകൾ അവരുടെ അവകാശങ്ങളെക്കുറിച്ച് സംസാരിക്കുമ്പോൾ വ്യവസ്ഥ തന്നെ അവർക്കെതിരാവുന്നു. മാന്വൽ സ്കാവെൻജേഴ്സ് അബോളിഷൻ ആക്ടിന്റെ അടിസ്ഥാനത്തിൽ കേസെടുക്കാൻ പോലീസും, അതിന് പോലീസിനെ നിർബന്ധിക്കുവാൻ കോടതികളും വിമുഖതകാണിക്കുകയാണ്. അത്തരം കേസുകളിൽ പരാതിക്കാർക്കെതിരെ നടപടികളെടുക്കുന്ന കാഴ്ചയാണ് നാം കാണുന്നത്. മധുരയിലെ 60 വയസ്സുകാരൻ നൽകിയ കേസിലും അണ്ണാ യൂണിവേഴ്സിറ്റിയിലെ വകുപ്പ് തലവനെതിരെ തോട്ടിപ്പണി ചെയ്യു ന്ന സ്ത്രീ നൽകിയ കേസുകളിലും പരാതിക്കാരെ ശിക്ഷിക്കുന്ന അവസ്ഥയാണുണ്ടായത്. 25,000 രൂപയാണ് കോടതി പിഴ ഈടാക്കിയത്. ജീവിക്കാനുള്ള അവകാശത്തെയോ, സ്വന്തം ജീവിതം തിരഞ്ഞെടുക്കുവാനുള്ള അവകാശത്തെയോ അന്തസ്സായി ജീവിതം നയിക്കുവാനോ ഉള്ള അവകാശത്തെയോ നീതിന്യായവ്യവസ്ഥ പരിഗണിക്കുന്നേയില്ല. നീതിയുടെയും ന്യായത്തിന്റെയും പക്ഷത്തു നിന്നുള്ള കോടതി വിധികൾ അപൂർവ്വമായിരിക്കുന്നു. ഭരണഘടനാ വിരുദ്ധമായാണ് കോടതി പോലും ഇടപ്പെടുന്നത്. ഹാദിയയുടെ കേസിലെ ഹൈക്കോടതി വിധി തന്നെയെടുക്കാം. 24 വയസ്സു തികഞ്ഞ പ്രായപൂർത്തിയായ ഒരു പെൺകുട്ടിക്ക് അവളുടെ താത്പര്യപ്രകാരം മതം മാറാനോ, പ്രണയിക്കാനോ, വിവാഹം കഴിക്കാനോ ഉള്ള അവകാശമില്ല എന്നായിരുന്നല്ലോ കോടതി വിധി. തെരഞ്ഞെടുക്കാനുള്ള ഒരു പൗരയുടെ അവകാശങ്ങൾ എത്ര ലാഘവത്തോടെയാണ് കോടതി നിഷേധിച്ചത്? തലമുടി നീട്ടി വളർത്തിയതിന്റെ പേരിൽ അപഹസിക്കപ്പെട്ട് വിനായകന്മാർക്ക് ആത്മഹത്യ ചെയ്യേണ്ടി വരുന്നു. ഇങ്ങനെ ചെറിയ അവകാശങ്ങൾ പോലും നിഷേധിക്കപ്പെടുന്നിടത്തു നിന്നാണ് നമ്മൾ വിസമ്മതിക്കാനുള്ള അവകാശത്തെക്കുറിച്ച് സംസാരിക്കേണ്ടത്.

ജെ.എൻ.യുവിലെ പ്രക്ഷോഭങ്ങളും ഹൈദരാബാദിലെ രോഹിത് വെമുലയുമെല്ലാം വിസമ്മതം രേഖപ്പെടുത്തിയതിന് ഉദാഹരണങ്ങളാണ്. ഗൗരി ലങ്കേഷും കൽബുർഗിയും പൻസാരെയും എല്ലാം വിസമ്മതം രേഖപ്പെടുത്തിയതിന്റെ പേരിൽ കൊലചെയ്യപ്പെട്ടു. ഈ കൊലപാതകങ്ങളുടെ കാരണക്കാരെല്ലാം നീതിന്യായ വ്യവസ്ഥക്കു മുമ്പിൽ നിരപരാധികളുമാവുന്നു. നിങ്ങൾക്ക് എന്തിനോടെങ്കിലും വിസമ്മതിക്കണം എങ്കിൽ, നിങ്ങളുടെ ജീവൻതന്നെ നഷ്ടപ്പെടുത്തണം എന്നാണ് ഈ അവസ്ഥകൾ നമ്മോടു പറയുന്നത്. അംബേദ്കർ പറഞ്ഞ 'ഹിന്ദുരാഷ്ട്രം എന്തുവില കൊടുത്തും എതിർക്കപ്പെടണം' എന്നും, നിലവിലെ എല്ലാ ജനാധിപത്യ വിരുദ്ധ നയങ്ങളോടും ഞാനുമെന്റെ വിസമ്മതം രേഖപ്പെടുത്തുന്നു. ■